"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ലൈഫ് മിഷൻ ഭവന പദ്ധതിക്കായി പലിശയിനത്തിൽ വകയിരുത്തിയ തുക വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകികൊണ്ടും - വിവിധ ശീർഷകങ്ങളിൽ അനുവദിച്ച തുക പദ്ധതി മാർഗ്ഗ രേഖയിൽ വിശദീകരിക്കുന്ന പ്രകാരം വിനിയോഗിക്കുന്നതിന് അനുമതി നൽകിയും -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിഇ) വകുപ്പ്**

സ.ഉ.(സാധാ) നം.1354/2026/LSGD തീയതി,തിരുവനന്തപുരം, 25-07-2026

---

പരാമർശം:-
1. സ.ഉ(സാധാ)നം.878/2026/തസ്വഭവ തീയതി 13/04/2026
2. സ.ഉ(സാധാ)നം.1116/2026/തസ്വഭവ തീയതി 12/06/2026
3. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 04/07/2026 ലെ എൽ.എം/101/2026- എൽഎം1 നമ്പർ കത്ത്.

**ഉത്തരവ്**

2026-27 സാമ്പത്തിക വർഷത്തെ ചെലവുകൾക്കായി ലൈഫ് മിഷന് അനുവദിച്ച ബജറ്റ് വിഹിതത്തിൽ 4217-60-051-95, 4515-00-102-49 എന്നീ ശീർഷകങ്ങളിൽ അനുവദിച്ച തുക വിനിയോഗിക്കുന്നതിന് അനുമതിയും 2217-80-800-62, 2515-00-102-30 എന്നീ ശീർഷകങ്ങളിൽ പലിശയിനത്തിൽ അനുവദിച്ച തുക വിനിയോഗിക്കുന്നതിനുള്ള ഭരണാനുമതിയും നൽകണമെന്ന് ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം- 1 പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

2. i. ലൈഫ് മിഷൻ ഭവന പദ്ധതിക്കായി HUDCO യിൽ നിന്നുമെടുത്ത വായ്പയുടെ 2026-27 സാമ്പത്തിക വർഷത്തെ പലിശ തിരിച്ചടവിനായി, 2217-80-800-62 ഹഡ്കോ വായ്പക്കുള്ള പലിശ (നഗരം), 2515-00-102-30 ഹഡ്കോ വായ്പക്കുള്ള പലിശ (ഗ്രാമം) എന്നീ ശീർഷകങ്ങളിൽ അനുവദിച്ച യഥാക്രമം 6670 ലക്ഷം രൂപ, 20,000 ലക്ഷം രൂപ എന്നിവ വിനിയോഗിക്കുന്നതിന് ലൈഫ് മിഷന് ഭരണാനുമതി നൽകണമെന്നും,

ii. 2026-27 സാമ്പത്തിക വർഷം 4217-60-051-95 ലൈഫ് പാർപ്പിട പദ്ധതി(നഗരം), 4215-00-102-49 ലൈഫ് പാർപ്പിട പദ്ധതി (ഗ്രാമം) ശീർഷകങ്ങളിൽ അനുവദിച്ച തുക പദ്ധതി മാർഗ്ഗ രേഖയിൽ വിശദീകരിക്കുന്ന, ചുവടെ ചേർത്തിട്ടുള്ള പ്രകാരം വിനിയോഗിക്കുന്നതിന് അനുമതി നൽകണമെന്നുമാണ് ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അഭ്യർത്ഥിച്ചിട്ടുള്ളത്.

എ. 4217-60-051-95 ലൈഫ് പാർപ്പിട പദ്ധതി(നഗരം)

| നം | ഇനം | തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | വ്യക്തിഗത ഭവനങ്ങൾ / സംസ്ഥാന വിഹിതം | 4000 |
| 2 | നഗരമേഖലയിലെ ഭവനസമുച്ചയങ്ങൾ / ഫ്ലാറ്റ്/ഭവനക്ലസ്റ്ററുകൾ | 4000 |
| | ആകെ | 8000 |

ബി. 4515-00-102-49 ലൈഫ് പാർപ്പിട പദ്ധതി(ഗ്രാമം)

| നം | ഇനം | തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | വ്യക്തിഗത ഭവനങ്ങൾ / സംസ്ഥാന വിഹിതം | 34571 |
| 2 | ഗ്രാമമേഖലയിലെ ഭവനസമുച്ചയങ്ങൾ / ഫ്ലാറ്റ്/ഭവനക്ലസ്റ്ററുകൾ | 8736 |
| 3 | ഭരണ ചെലവുകൾ | 698 |
| 4 | ഹഡ്കോ വായ്പ തിരിച്ചടവ് | 1895 |
| | **ആകെ** | **45900** |

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച, ആയത് പ്രകാരംലൈഫ് മിഷൻ ഭവന പദ്ധതിക്കായി പലിശയിനത്തിൽ വകയിരുത്തിയ തുക വിനിയോഗിക്കുന്നതിനു ഭരണാനുമതി നൽകികൊണ്ടും വിവിധ ശീർഷകങ്ങളിൽ അനുവദിച്ച തുക പദ്ധതി മാർഗ്ഗ രേഖയിൽ വിശദീകരിക്കുന്ന പ്രകാരം വിനിയോഗിക്കുന്നതിന് അനുമതി നൽകികൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡിഷണൽ സെക്രട്ടറി

കോ - ഓർഡിനേറ്റർ, നവകേരളം കർമ്മപദ്ധതി, ബി.എസ്.എൻ.എൽ ഭവൻ, ഉപ്പളം റോഡ്, Statue,

തിരുവനന്തപുരം

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ , ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ